ഇ.എ4- 53521/16/ആ.വ.ഡ

ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്
തിരുവനന്തപുരം
തീയതി 07.01.2019

പ്രേഷകൻ

ആരോഗ്യവകുപ്പ് ഡയറക്ടർ
തിരുവനന്തപുരം

സ്വീകർത്താവ്

ഡയറക്ടർ
ഇൻഫർമേഷൻസ് &പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റ്,
സൗത്ത് ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം

സർ,

വിഷയം: ആ.വ.ഡ: ജീവനക്കാര്യം:- ഡോ. വിനി വിവേക്, അസിസ്റ്റന്റ് സർജൻ -കാരണം കാണിക്കൽ നോട്ടീസ് -പത്രപ്രസിദ്ധീകരണം- സംബന്ധിച്ച്:

സൂചന: 14.06.2017-ാം തീയതി ഈ ആഫീസിൽ നിന്നും പുറപ്പെടുവിച്ച കാരണം കാണിക്കൽ നോട്ടീസ്

തിരുവനന്തപുരം ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിൽ അസിസ്റ്റന്റ് സർജനായിരുന്ന ഡോ. വിനി വിവേക് അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്നതിനാൽ 14.06.2017ന് കെ.എസ്&എസ്.എസ്.ആർ പ്രകാരം ഈ ആഫീസിൽ നിന്നും കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. എന്നാൽ ടി ഈ നോട്ടീസിന് ടിയാൾ നാളിതു വരെ മറുപടി നൽകാത്തതിനാൽ രണ്ട് തദ്ദേശ ദിനപത്രങ്ങളിൽ കൂടി ഈ വിവരം പരസ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും പത്ര പ്രസിദ്ധീകരണത്തിന്റെ ഒരു പകർപ്പ് ഈ കാര്യാലയത്തിലേക്ക് അയച്ചു നൽകുവാനും അഭ്യർത്ഥിക്കുന്നു. നോട്ടീസ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ

ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി

## അനുബന്ധം എച്ച് 4

## നോട്ടീസ്

ഡോ. വിനി വിവേക് എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ 1960 ലെ കേരളാ സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിൽ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണ നടപടി താങ്കൾക്കെതിരെ എടുക്കാതിരിക്കുവാൻ കാരണം കാണിക്കുന്ന താങ്കളുടെ എതിർ വാദ പത്രികയോ വിശദീകരണമോ സമർപ്പിക്കുവാൻ താങ്കളോട് നിർദ്ദേശിച്ചു കൊണ്ടുള്ള കാരണം കാണിക്കൽ നോട്ടീസ് 14.06.2017-ാം തീയതിയിലെ ഇ.ൃ4-53521/16 നമ്പർ പ്രകാരം 20.09.2017-ാം തീയതിയിൽ ഏറ്റവും ഒടുവിൽ അറിയാവുന്ന താങ്കളുടെ മേൽവിലാസത്തിൽ അയച്ചിരുന്നു. എന്നാൽ ടി നോട്ടീസിന് താങ്കൾ ഇതുവരെയും മറുപടി തന്നിട്ടില്ല. അതിനാൽ ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ താങ്കളുടെ ലിഖിതമായ എതിർവാദ പത്രികയോ, വിശദീകരണമോ ലഭിക്കാത്ത പക്ഷം താങ്കൾക്ക് യാതൊരു എതിർ വാദവും ബോധിപ്പിക്കാനില്ല എന്ന് അനുമാനിക്കുന്നതും, പ്രൊബേഷൻ അവസാനിപ്പിച്ച് താങ്കളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാനുള്ള തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതുമാണ്.

**ഡോ. സരിത.ആർ.എൽ**
**ആരോഗ്യ വകുപ്പു ഡയറക്ടർ**

ശ്രീ.

ഡോ. വിനി വിവേക്
കിവി ടവേഴ്സ്, ട്യൂട്ടേഴ്സ് ലൈൻ സ്റ്റാച്യു,
തിരുവനന്തപുരം

വിശദ വിവരങ്ങൾക്ക് താഴെ പറയുന്ന വെബ്സൈറ്റ് സന്ദർശിക്കുക
www.dhskerala.gov.in

ആരോഗ്യ വകുപ്പ്

Window No. IPRD/ ......................

ആരോഗ്യ വകുപ്പ് ഡയറക്ടർ
ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം

~~കണ്ണൂർ~~ ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിൽ ൽ നിന്നും 14.06.2017 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന ഡോ. വിനി വിവേകിന് എതിരായ കാരണം കാണിക്കൽ നോട്ടീസ്. ടി നോട്ടീസ് പ്രസിദ്ധപ്പെടുത്തി 15 ദിവസത്തിനകം വിശദീകരണം നൽകേണ്ടതാണ്.

വിശദ വിവരങ്ങൾക്ക് താഴെ പറയുന്ന വെബ്സൈറ്റ് സന്ദർശിക്കുക
www.kerala.gov.in

ഒപ്പ്
ആരോഗ്യ വകുപ്പ് ഡയറക്ടർ
തിരുവനന്തപുരം

2935